അദ്ദേഹം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അത് പരിശോധിച്ചിട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു. 1-7-1986-ൽ ആണ് അദ്ദേഹത്തിന്റെ അപേക്ഷ കിട്ടുന്നത്. അത് വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് 23-7-1986-ൽ ഇത് സംബന്ധിച്ച തീരുമാനമെടുത്തു. കാരണം, ഹൈക്കോടതി - രണ്ടാഴ്ചയ്ക്കുള്ളിൽ കൊടുക്കണമെന്ന് പറഞ്ഞ് ഡയറക്ഷൻ തന്നു. അദ്ദേഹത്തെ തിരിച്ചെടുക്കാൻ സഹായകമായ ഒന്നും പരിശോധനയിൽ കാണാതിരുന്നതുകൊണ്ട് മുൻതീരുമാനം ഭേദഗതി ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിരിക്കുകയാണ്.

(20) മാക്ഡവൽ കമ്പനിയിലെ കാൻറീൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ. വി. താമരാക്ഷൻ: സർ, 8 മണിക്കൂർ ജോലിക്കുവേണ്ടി തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന 1980-ൽ കോടിക്കണക്കിന് രൂപ ഉണ്ടാക്കുന്ന ചേർത്തലയിലെ ഒരു സഹകാര്യ കമ്പനിയായ 'മാക്ഡവൽ' കമ്പനിയിലെ കാൻറീനിൽ പണിയെടുക്കുന്ന തൊഴിലാളികൾ 18 മണിക്കൂർ പണിയെടുത്താൽപോലും മിനിമംകൂലി ലഭിക്കുന്നില്ല. അവർ കമ്പനി നിയമിച്ച തൊഴിലാളികളാണ്. ആ തൊഴിലാളികൾ 18 മണിക്കൂർ ജോലിയെടുത്താൽപോലും ഇന്ന് ലഭിക്കുന്നത് 200 രൂപയിൽ താഴെയാണ്. ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റ് പ്രകാരമുള്ള മിനിമം കൂലി ഉറപ്പുവരുത്താനും 8 മണിക്കൂറായി ജോലി നിജപ്പെടുത്താനും ഗവൺമെൻറ് അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മാക്ഡവൽ കമ്പനിയിലെ നിലവിലുള്ള അഞ്ച് യൂണിയനുകൾ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു കമ്മറ്റി ഓരോ മൂന്നുമാസം കൂടുംതോറും കൺവീനർമാരെ റൊട്ടേഷൻ ക്രമത്തിൽ തിരഞ്ഞെടുത്ത് കാൻറീൻ പ്രവർത്തനം നടത്തിവരുകയാണ്. ഒരു തൊഴിലാളിക്ക് രണ്ടുരൂപ അൻപതു പൈസവച്ച് സബ്സിഡി കൊടുക്കുകയാണ് കമ്പനി ചെയ്യുന്നത്. അവർക്ക്, ഒരു ശമ്പളസ്കെയിൽ കൊടുക്കുന്നതായാണ് ഗവൺമെൻറിൽ കാണിച്ചിരിക്കുന്നത്. ഏതായാലും മിനിമം വേജസ് നടപ്പിലാക്കുന്നില്ല എന്ന് മുൻപ് പരാതി വന്നിട്ടില്ല. മെമ്പർ ഉന്നയിച്ച നിലയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(21) ഗുരുവായൂരിലെ വൈദ്യുതിക്ഷാമം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിസിറ്റി പ്രശ്നം സങ്കീർണ്ണമായിരിക്കുകയാണ്. വോൾട്ടേജ് കമ്മി ജനങ്ങൾക്ക് ദുസ്സഹമായിരിക്കുകയാണ്. അത് പരിഹരിക്കാൻ അവിടെ അനുവദിച്ച സബ്സ്റ്റേഷൻ ഉടനെ പ്രവർത്തിപ്പിക്കണം. മുനിയൂർക്കുളത്ത് ഉള്ള സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഉയർത്തണം. അവിടെ ഉണ്ടായിരുന്ന ബില്ലിംഗ് യൂണിറ്റ് ഇപ്പോൾ മലപ്പുറം ജില്ലയിലെ എടപ്പാളിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റ് മുനിയൂർക്കുളത്തുതന്നെ പുനഃസ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly